# സംസ്ഥാനത്ത് നീര കിട്ടാനില്ല

കൊച്ചി-സംസ്ഥാനത്ത് നീര കിട്ടാനില്ല. നീരയുടെ രുചിയറിയാൻ കൊതിക്കുന്നവരുടെ എണ്ണം വർധിച്ചുവരികയാണ്. ഇതേ തുടർന്ന് വിവിധ പ്രദേശങ്ങളിൽ നീര ലഭ്യമാകുന്ന വെൻഡിങ്ങ് മെഷ്യനുകൾ സ്ഥാപിക്കാനാണ് നാളികേര വികസന ബോർഡ് ആലോചിക്കുന്നത്.കൂടുതൽ നീര ഉത്പാദിപ്പിക്കുന്നതിന് പുതിയ കമ്പനികൾ സ്ഥാപിക്കുന്ന കാര്യവും പരിഗണിക്കുന്നുണ്ട്.

ചെറുകിട വ്യാപാരികളും നീര ലഭിച്ചാൽ തങ്ങൾ വിൽപ്പന നടത്തുവാൻ തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ട്. അങ്ങിനെ വന്നാൽ വിവിധ കോളകളുടെ വിൽപ്പന കുറയ്ക്കുവാൻ കഴിയുമെന്നും ഇവർ ചൂണ്ടിക്കാട്ടുന്നു. പല കടകളിലും നീര ചോദിച്ച് എത്തുന്നവരും ഏറെയാണ്.